(സി) യുവജന നയത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെയും, റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ കമ്മീഷൻ നടത്തിവരുന്നു. മേൽ വിഷയങ്ങൾ കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടേയും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെ അവകാശങ്ങളെ സംബന്ധിച്ചും മറ്റും പ്രസ്തുത വിഭാഗങ്ങൾക്കിടയിൽ പ്രത്യേകമായും കമ്മീഷൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. യുവാക്കളുടെ അവകാശങ്ങൾ, യുവാക്കളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തി സെമിനാറുകളും യോഗങ്ങളും നാഷണൽ യൂത്ത് മീറ്റ് ഉൾപ്പെടെയുള്ള കൂട്ടായ്മകളും കമ്മീഷൻ സംഘടിപ്പിക്കുന്നുണ്ട്. സാഹിത്യം, കല, സാമൂഹ്യസേവനം, കൃഷി, വ്യവസായം, കായികം തുടങ്ങിയ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച യുവാക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനായി യൂത്ത് ഐക്കൺ അവാർഡും കമ്മീഷൻ നടപ്പിലാക്കി വരുന്നുണ്ട്.

ഭാരതദർശൻ യാത്രാ പദ്ധതി

3\10(684) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഭാരത ദർശൻ യാത്രാ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. രണ്ട് തരത്തിലുള്ള ഭാരത ദർശൻ യാത്രാ പരിപാടിയാണ് സംഘടിപ്പിച്ചിട്ടുള്ളത്. ജനറൽ വിഭാഗത്തിൽപ്പെട്ട ഭാരത് ദർശൻ യാത്രയാണ് ആദ്യത്തേത്. ഇതിൽ കേരളത്തിലെ യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകരെയാണ് പ്രധാനമായും പങ്കെടുപ്പിച്ചിട്ടുള്ളത്. അതോടൊപ്പം സംസ്ഥാന കേരളോത്സവ, നാഷണൽ യുവോത്സവ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയവരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാമതായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള യാത്രയാണ് എസ് റ്റി. ഭാരത് ദർശൻ യാത്ര. പട്ടികവർഗ്ഗത്തിൽപ്പെട്ട 18-നും 40-നും മധ്യേ പ്രായമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുള്ള യാത്രയാണ് പട്ടികവർഗ്ഗ ഭാരത ദർശൻ.

(ബി) കേരളത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന യുവാക്കൾക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും വിവിധ ഭാഷാ സംസ്കാരങ്ങൾ, ആചാരങ്ങൾ, കലാരൂപങ്ങൾ എന്നിവ നേരിട്ട് മനസ്സിലാക്കുന്നതിനുംവേണ്ടിയാണ് ഭാരതദർശൻ യാത്ര സംഘടിപ്പിക്കുന്നത്. ജനറൽ വിഭാഗങ്ങൾക്കുള്ള ഭാരതദർശന് യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകർ, കേരളോത്സവ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ, ദേശീയ യുവോത്സവ വിജയികൾ എന്നിവരിൽ നിന്നുമാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

രണ്ടാമത്തെ ഭാരതദർശനിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18-നും 40-നും മദ്ധ്യേ പ്രായമുള്ള ജനപ്രതിനിധി കളെയാണ് തെരഞ്ഞെടുക്കുന്നത്.

ജനറൽ കാറ്റഗറിയിലുള്ള ഭാരതദർശൻ 2013 ഫെബ്രുവരി 20-ന് തിരുവനന്തപുരത്ത് നിന്ന് ട്രെയിൻ യാത്ര ആരംഭിച്ച് ഗോവ, അഹമ്മദാബാദ്, ജോധ്പൂർ, ജയ്പൂർ, ഉദയ്പൂർ, ഹൈദ്രാബാദ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് 2013 മാർച്ച് 6-ന് തിരുവനന്തപുരത്ത് തിരിച്ചെത്തി. ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് & ടൂറിസം കോർപ്പറേഷൻ ലിമിറ്റഡ് വഴിയാണ് യാത്രാ പരിപാടി സംഘടിപ്പിച്ചത്.

ആദ്യ പട്ടികവർഗ്ഗ ഭാരതദർശൻ 2013 നവംബർ 22 മുതൽ 26 വരെ സംഘടിപ്പിച്ചു. 22-ാം തീയതി കോഴിക്കോട് നിന്ന് വിമാനമാർഗ്ഗം ഡൽഹിയിൽ എത്തുകയും തുടർന്ന് ഡൽഹിയിലെ വിവിധ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ചു. തുടർന്ന് അമൃത്സർ, വാഗാ ബോർഡർ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ചശേഷം 26-ാം തീയതി തിരുവനന്തപുരത്ത് തിരിച്ചെത്തി.

രണ്ടാമത് പട്ടികവർഗ്ഗ ഭാരതദർശൻ 2014 നവംബർ 19 മുതൽ 25 വരെയാണ് സംഘടിപ്പിച്ചത്. ഈ യാത്രാ പരിപാടിയുടെ ഭാഗമായി കൽക്കട്ട, കാഠ്മണ്ഡു എന്നിവിടങ്ങളിലെ വിവിധ സ്ഥലങ്ങളാണ് സന്ദർശിച്ചത്.

(സി) 2013 വർഷത്തിൽ ഭാരത്ദർശൻ യാത്രയും 2013-2014 വർഷങ്ങളിൽ എസ് റ്റി. ഭാരത്ദർശൻ യാത്രയും സംഘടിപ്പിച്ചിട്ടുണ്ട്. 2015 വർഷത്തിൽ എസ് റ്റി. ഭാരത്ദർശൻ സംഘടിപ്പിക്കുന്നതിനായി 15 ലക്ഷം രൂപ ബോർഡിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly